പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3142 | 07.02.2018-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ്ഫണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ. എം. എഫ്.) നിലവിൽ നീക്കിയിരിപ്പുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 50,61,96,114/-രൂപ (അമ്പതു കോടി അറുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുന്നൂറ്റി പതിനാലു രൂപ). |
| (ബി) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അംഗീകാരത്തിനായി സമർപ്പിച്ച ഏറനാട് മണ്ഡലത്തിലെ പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദ മാക്കുമോ; | (ബി) | ഏറനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും 3 പ്രൊപ്പോസലുകൾ ഭരണാനുമതിയ്ക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് .<br>1. കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിൽ മുക്കം കടവിന് താഴെ അരീക്കോട് പാലത്തിനു സമീപം ചാലിയാർ പുഴയുടെ കര സംരക്ഷണം - ഭരണാനുമതി ലഭിച്ചു.<br><br>2. കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിലെ കോലോത്തുംതൊടി കക്കഴികുന്നോത്ത് വാർഡ് 10 , കനിയിൽ, ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം - ഭരണാനുമതി നൽകിയിട്ടില്ല. Vegetative Protection -ന് ഉതകുന്ന തരത്തിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br><br>3. കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിൽ നടുക്കണ്ടിക്കടവിന് സമീപം ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം - ഭരണാനുമതി നൽകിയിട്ടില്ല. Vegetative Protection - ന് ഉതകുന്ന തരത്തിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

(സി) മലപ്പുറം ജില്ലയിലെ ഫണ്ടുപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകിയ ഏറനാട് മണ്ഡലത്തിലെ മൊടവണ്ണക്കടവ് നടപ്പാലം (ചാലിയാറിന് കുറുകെ) നിർമ്മാണം, ഭരണാനുമതി ലഭിച്ച് രണ്ടു വർഷമായിട്ടും തുടങ്ങാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മൊടവണ്ണകടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും പാലത്തിന്റെ കൗണ്ടർവെയ്റ്റ് സ്ഥാപിക്കേണ്ട സ്ഥലം വനഭൂമിയായതിനാൽ കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിരുന്നു. ഇതേ തുടർന്നാണ് പാലം നിർമ്മാണം ആരംഭിക്കുവാൻ വൈകിയത്.

(ഡി) നിർമ്മാണത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് പ്രവൃത്തി ഉടൻ തുടങ്ങുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; ഇതോടൊപ്പം ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(ഡി) മൊടവണ്ണകടവ് പാലത്തോടൊപ്പം സംസ്ഥാനത്തെ മറ്റ് എട്ടു പാലങ്ങൾക്കു കൂടിയാണ് ഭരണാനുമതി ലഭിച്ചിരുന്നത്. അതിൽ അഞ്ചു പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും മൊടവണ്ണകടവ് ഉൾപ്പെടെ നാലു പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാതെ വരികയും ചെയ്തു. എന്നാൽ 3.11.2017-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ തീരുമാനപ്രകാരം പണി ആരംഭിച്ചിട്ടില്ലാത്ത നാലു പാലങ്ങളുടെ കൂടി പണി അടിയന്തിരമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**